DESPATCHED
On.20/12/21..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 364(2)/2021**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3815**/എസ്.ഐ.സി-ജി6/21)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ബിനു,
S/o രവീന്ദ്രൻ,
ബിന്ദു ഭവൻ, ചേങ്കോട്ടുകോണം,
ചെമ്പഴന്തി പി.ഒ., പിൻ – 695 587. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി,
പോത്തൻകോട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസി.ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, നാലാം നില,
കുടപ്പനക്കുന്ന് പി.ഒ., തിരുവനന്തപുരം,
പിൻ – 695 043.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.09.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.10.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02.12.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.01.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.03.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.03.2021 |
| ഹിയറിംഗ് നടന്ന തീയതി | 19.11.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 28.09.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ 353 മുതൽ 361 വരെയുള്ള പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ കടമുറികളുടെ ലൈസൻസികൾ ഓരോന്നിലും ആരാണെന്നും

2) ലൈസൻസികളിൽ ആരോക്കെ ജീവിച്ചിരിപ്പുണ്ടെന്നും

3) ടി കടമുറികൾ എന്നാണ് ലേലം ചെയ്തതെന്നും

4) അവസാനമായി ലേലം ചെയ്യാൻ എടുത്ത കമ്മിറ്റി തീരുമാനത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് നൽകണമെന്നും

5) ലേലത്തിനു മുമ്പ് നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുണ്ടായിരുന്നോയെന്നും

6) അത് ആരൊക്കെ ഏതൊക്കെ തീയതികളിൽ കെട്ടിവച്ചുവെന്നും തുടങ്ങി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 19.01.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്ന് അറിയിച്ച് അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും ടി അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നതിനായി ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടതു പ്രകാരം റിപ്പോർട്ട് ലഭിച്ചിരുന്നുവെന്നും ടിയാന്റെ അപേക്ഷയും ആയതിന് നൽകിയ മറുപടിയും വിശദമായി പരിശോധിച്ചതിൽ ടിയാന്റെ അപേക്ഷയിലെ 1, 3, 4, 6, 7, 11 എന്നിവയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് അപ്പീൽ ഹർജിയിൽ പരാമർശിച്ചിരിക്കുന്നത്.

ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ടു പ്രകാരം ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപേക്ഷയിലെ ക്രമനമ്പർ 1ന് 353-ാം

നമ്പർ കടമുറി സംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുള്ളതിനാലാണ് ലൈസൻസ് നൽകിയിട്ടില്ല എന്ന് മറുപടി നൽകിയതെന്നും ക്രമനമ്പർ 3ലെ വിവരം ടി കടമുറികൾ എന്നാണ് ലേലം ചെയ്തത് എന്നതിന് നൽകിയ മറുപടി ശരിയല്ലെന്നും ആയത് രേഖകൾ പരിശോധിച്ച് കൃത്യ മായ വിവരം നൽകുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടു ണ്ടെന്നുമാണ്. 4-ാം ഇനത്തിൽ അവസാനമായി ലേലം ചെയ്യാൻ എടുത്ത കമ്മിറ്റി തീരുമാനത്തിന്റെ മിനിട്സിന്റെ പകർപ്പാണ് ആവശ്യപ്പെട്ടിരുന്ന തെന്നും ആയതിന് നിലവിലുള്ള ലൈസൻസികൾ ഏതു കാലയളവു മുത ലാണ് മുറികൾ കൈവശം വച്ചു പോരുന്നതെന്ന് പരിശോധിച്ച് പ്രസ്തുത കാലയളവിലെ മിനിട്സ് ബുക്കുകൾ പരിശോധിച്ച് വിവരം നൽകുന്നതിന് നിർദ്ദേശം നൽകിയെന്നും ക്രമനമ്പർ 6, 7 എന്നിവയ്ക്ക് ടി കടമുറികളുടെ ലേലം നടത്തിയതിന്റെ രേഖകൾ കണ്ടെത്തി വിവരം നൽകേണ്ടതാ ണെന്നും ക്രമനമ്പർ 11ലെ വിവരം പഞ്ചായത്തിന്റെ ഒരു ചുമതല നിർവ്വഹി ക്കപ്പെട്ടിട്ടുണ്ടോയെന്ന സ്വഭാവമുള്ളതിനാൽ വിവരാവകാശ നിയമം 2(എഫ്) എന്ന നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാലാണ് എസ്.പി.ഐ.ഒ. അപ്രകാരം മറുപടി നൽകിയതെന്നുമാണ്.

ടി ഗ്രാമപഞ്ചായത്തിൽ പലകാലങ്ങളിലായി പല തരത്തിലുള്ള പുരോ ഗമന പ്രവർത്തനങ്ങൾ നടക്കുകയും ആയതിന്റെ ഭാഗമായി രേഖകൾ പല പ്രാവശ്യം മാറ്റിവയ്ക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടെന്നും അപ്രകാരം പഴയ രേഖകൾ നഷ്ടപ്പെട്ടതായും ആയതിനാലാണ് കണ്ടെത്താൻ സാധിച്ചിട്ടി ല്ലെന്ന മറുപടി നൽകിയതെന്നും 1981ലാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയായതെന്നും പ്രസ്തുത കാലയളവിലെ രേഖകൾ ലഭ്യമല്ലെന്നും എസ്.പി.ഐ.ഒ. ടെലഫോണിലൂടെ അറിയിച്ചുവെന്നുമാണ്. കൂടാതെ പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിലെ ഏകദേശം 9 കടമു റികളുടെ നിർമ്മാണം, ലേലം എന്നിവ സംബന്ധിച്ച വിവരമാണ് ഹർജി ക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും ഏകദേശം 40 വർഷത്തിനു മുമ്പുള്ള രേഖകൾ ആയതിനാൽ ബന്ധപ്പെട്ട രേഖകൾ കണ്ടെത്തുന്നതിന് ഓഫീസ് ഉത്തരവ് നൽകി ജീവനക്കാരെ ചുമതലപ്പെടുത്തുന്നതിനും അതിൻപ്രകാരം ലഭ്യമാകുന്ന രേഖകൾ ഹർജിക്കാരന് രണ്ടാഴ്ചയ്ക്കകം

നൽകേണ്ടതുമാണെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി നൽകിയില്ലെന്നും അപ്പീൽ അധികാരിയുടെ ഉത്തരവു പ്രകാരവും മറുപടി നൽകിയിട്ടില്ലെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഉത്തരവുപ്രകാരമുള്ള ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് ഒരു മാസത്തിനകം നൽകണമെന്നും വീണ്ടും ഒരു ടീം രൂപീകരിച്ച് തിരച്ചിൽനടത്തി കണ്ടെത്തുന്ന വിവരങ്ങൾ ഹർജിക്കാരന് നൽകേണ്ടതാണെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

4. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)